## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1325 11.06.2019-ൽ മറുപടിക്ക്

### പ്ലസ് വൺ സീറ്റുകളുടെ കുറവ്

**ചോദ്യം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.ഉബൈദുള്ള
ശ്രീ.ടി. വി.ഇബ്രാഹിം

(എ) മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലാണ് പ്രസ്തുത പ്രശ്നം ഏറ്റവും കൂടുതൽ ബാധിക്കുകയെന്നത് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉം (ബി) ഉം (സി) ഉം മലപ്പുറം ജില്ല ഉൾപ്പെടെ മലബാർ മേഖലയിൽ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്ലസ് വൺ സീറ്റുകൾ ഇല്ല എന്ന പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിലേക്കായി സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20% മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ പഠിതാക്കളില്ലാത്ത സർക്കാർ മേഖലയിലെ ഹയർ സെക്കന്ററി ബാച്ചുകൾ 2019-20 അധ്യയന വർഷം ഹയർ സെക്കന്ററി പ്ലസ് വൺ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ അതത് ജില്ലയിലോ, ജില്ലക്ക് പുറത്തോ ആവശ്യകതയുള്ള സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് മാറ്റി പുനഃക്രമീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.